ഭരണഭാഷ — മാതൃഭാഷ

നമ്പർ. സി2/18473/റ്റിസി/2012

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 01.06.2017.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- **മോട്ടോർ വാഹന വകുപ്പ്** — പുതിയ അദ്ധ്യയനവർഷം വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ പരിശോധന - സംബന്ധിച്ച്.

സൂചന :-
i. 07.02.2014 ലെ സി1/7911/റ്റി.സി./2010 നമ്പർ കത്ത്.
ii. 29.03.2014 ലെ സി1/3089/റ്റി.സി./2014 നമ്പർ കത്ത്.
iii. 06.05.2014 ലെ സി1/6907/റ്റി.സി./2014 നമ്പർ കത്ത്.

പുതിയ അദ്ധ്യയനവർഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കേണ്ടതാണ്.

1. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ സുരക്ഷിത യാത്രയ്ക്കായി ഒരു അദ്ധ്യാപകനെ നോഡൽ ഓഫീസറായി നിയമിയ്ക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്കൂൾ അധികാരികൾക്ക് നൽകേണ്ടതാണ്.
2. ടി വാഹനങ്ങളിൽ സഞ്ചരിയ്ക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും പേര്, വിലാസം, രക്ഷകർത്താവിനെ സംബന്ധിച്ച വിവരങ്ങൾ, സമ്പർക്ക നമ്പർ ഉൾപ്പെടെ ക്രോഡീകരിച്ച് പട്ടിക രൂപത്തിൽ ലാമിനേറ്റ് ചെയ്ത് വാഹനത്തിലും സ്കൂളിലും സൂക്ഷിയ്ക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്.
3. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ സംബന്ധിച്ച അവബോധന ക്ലാസ്സുകൾ പരമാവധി സ്കൂളുകളിൽ സംഘടിപ്പിയ്ക്കുക.
4. അനുവദനീയമായതിലും അധികമായി കുട്ടികളെ കുത്തി നിറച്ച് കൊണ്ടു പോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും ഓട്ടോറിക്ഷ തുടങ്ങിയ ഇതര വാഹനങ്ങൾക്കെതിരെയും തുടക്കത്തിൽ തന്നെ കർശന നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

5. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ഓടിയ്ക്കുന്ന ഡ്രൈവർമാർക്ക് നിർദ്ദിഷ്ട യോഗ്യതയും പരിചയവും ഉണ്ടെന്നത് സംബന്ധിച്ച പരിശോധനകൾ നടത്തുക. മറ്റ് അയോഗ്യതകൾ ഇല്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

6. സ്വകാര്യ വാഹനങ്ങൾ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാഹനമായി ഉപയോഗിയ്ക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിലേയ്ക്കായി സ്കൂൾ പരിസരത്ത് തന്നെ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതാണ്.

7. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ, എമർജൻസി എക്സിറ്റ്, അഗ്നി ശമന ഉപകരണങ്ങൾ എന്നിവ പ്രവർത്തന ക്ഷമമാണ് എന്ന് ഉറപ്പ് വരുത്തുക.

8. സ്കൂൾ ബസ്സുകളിൽ നിർബന്ധമായും ഡോർ അറ്റന്റന്റ് ഉണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിയ്ക്കുമ്പോൾ കുട്ടികൾക്ക് യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ അവയുടെ അന്ത:സത്ത ഉൾക്കൊണ്ട് കർശനമായും പാലിയ്ക്കേണ്ടതും, പരിശോധന സംബന്ധിച്ച വിവരങ്ങൾ വിശദാംശങ്ങൾ സഹിതം 15.06.2017-ന് മുമ്പായി ഈ ഓഫീസിനെ തര്യപ്പെടുത്തേണ്ടതുമാണ്. ഈ കത്തിലെ നിർദ്ദേശങ്ങൾ നിഷ്കർഷമായി പാലിയ്ക്കുന്നുണ്ട് എന്ന് മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർമാർ നിരീക്ഷിയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

2.6.17

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

2/6/17, 2/6/17

ജെ.എസ്